22.06.25 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 15-12-05

# ഇപ്പോൾ സ്നേഹത്തിന്റെയും സഹയോഗത്തിന്റെയും രൂപരേഖ തയ്യാറാക്കൂ, ഓരോരുത്തർക്കും ഗുണങ്ങളുടെയും ശക്തികളുടെയും സമ്മാനം കൊടുക്കൂ.

ഇന്ന് പരമാത്മാവാകുന്ന അച്ഛൻ നാനാഭാഗത്തുമുള്ള തന്റെ പരമാത്മ സ്നേഹത്തിനു അധികാരികളായ കുട്ടികളെ കണ്ടുകൊണ്ടിരിക്കുന്നു.വിശ്വത്തിൽ കോടിയിൽ ചിലർക്കാണ് ഈ പരമാത്മ സ്നേഹം പ്രാപ്തമാകുന്നത്. ഈ പരമാത്മ സ്നേഹം നിസ്വാർത്ഥ സ്നേഹമാണ് കാരണം പരമാത്മ പിതാവ് മാത്രമാണ് നിരാകരനും നിരാഹങ്കാരിയുമായുള്ളത്. ശരീരധാരികളായതിനാൽ മനുഷ്യാത്മാക്കൾക്ക് കുറച്ചൊക്കെ സ്വാർത്ഥത വരുന്നു. പരമാത്മാവാകുന്ന അച്ഛൻ മാത്രമാണ് സ്വന്തം കുട്ടികളെ നിസ്വാർത്ഥമായി സ്നേഹിക്കുന്നത്.ബ്രാഹ്മണ ജീവിതത്തിന്റെ വിശേഷ ആധാരം പരമാത്മ സ്നേഹമാണ് . ബ്രാഹ്മണ ജീവിതത്തിന്റെ ജീവദാനമാണ്. ബ്രാഹ്മണ ജീവിതത്തിൽ പരമാത്മ സ്നേഹത്തിന്റെ അനുഭവം കുറഞ്ഞാൽ, സ്നേഹം ഇല്ലാതെ ജീവിതം ആന്ദകരമാകില്ല, വരണ്ട ജീവിതമാകുന്നു. പരമാത്മ സ്നേഹമാണ് സദാ കൂടെയുള്ളത്, കൂടെ സദാ സഹയോഗിയായിരിക്കുന്നത്.സ്നേഹവും കൂട്ടും ഉള്ളിടത്ത് എല്ലാം വളരെ സഹജവും സരളവുമായിത്തീരുന്നു. പരിശ്രമത്തിന്റെ അനുഭവം ഉണ്ടാകില്ല. അങ്ങനെയല്ലേ അനുഭവം ഉള്ളത്! പരമാത്മ സ്നേഹികൾ ഏതെങ്കിലും വ്യക്തിയുടെയോ സാധനങ്ങളുടെയോ ആകർഷണത്തിൽ വരില്ല, പരമാത്മ ആകർഷണവും, പരമാത്മ സ്നേഹവും സദാ സ്നേഹം കാരണം ലവ് ലീനമായിരിക്കുന്നതിന്റെ അനുഭവം ചെയ്യിപ്പിക്കുന്നു, അതിനെ ലോകർ പരമാത്മാവിൽ ലയിക്കുന്നതായി മനസിലാക്കി. പരമാത്മാവിൽ ലയിക്കുന്നില്ല പകരം പരമാത്മാവിന്റെ സ്നേഹത്തിൽ ലയിക്കുകയാണ് ചെയ്യുന്നത്.

ബാപ്ദാദ നാനാഭാഗത്തേയും കുട്ടികളെ കാണുന്നുണ്ട് എല്ലാവരും പരമാത്മ സ്നേഹികളാണ് , ഒരുകൂട്ടർ ലവ് ലി കുട്ടികൾ ഇനിയൊന്നു ലവ് ലീനരായ കുട്ടികൾ. എല്ലാവരും ലവ് ലി ആണ്,സ്വയം തന്നോട് ചോദിക്കണം എത്രമാത്രം ലവ് ലീനരായിരിക്കുന്നുണ്ട്? ലവ് ലീനരായ കുട്ടികളുടെ അടയാളമാണ് അവർ സദാ സഹജമായി പരമാത്മാവിന്റെ ആജ്ഞയനുസരിച്ചു നടക്കും. ആജ്ഞയനുസരിക്കുകയും, ദേഹബോധം ബലിയർപ്പിക്കുകയും ചെയ്യും, സ്നേഹത്തിൽ ബലിയർപ്പിക്കുന്നത് പ്രയാസമല്ല. ഏറ്റവുമാദ്യത്തെ ആജ്ഞയാണ് യോഗി ഭവ, പവിത്ര് ഭവ. ബാബയ്ക്ക് കുട്ടികളോട് സ്നേഹമുള്ളതുകാരണം കുട്ടികൾ പ്രയത്നിക്കുന്നത് ബാബയ്ക്ക് കണ്ടിരിക്കാൻ കഴിയില്ല,ബാബയ്ക്ക് അറിയാം 63 ജന്മങ്ങൾ ഒത്തിരി പ്രയത്നം ചെയ്തു, ഇപ്പോഴത്തെ ഈ അലൗകീക ജന്മം പ്രയത്നത്തിൽ നിന്ന് മുക്തമായി അതീന്ദ്രിയ സുഖത്തിൽ ആനന്ദിക്കാൻ ഉള്ളതാണ്. ആനന്ദിക്കുകയാണോ അതോ പ്രയത്നിക്കേണ്ടി വരുന്നുണ്ടോ? സ്നേഹം ഉള്ളപ്പോൾ ആജ്ഞയനുസരിക്കുന്നത് പ്രയത്നമായി തോന്നില്ല. പ്രയത്നിക്കേണ്ടി വരുന്നുണ്ടെങ്കിൽ സ്നേഹത്തിന്റെ ശതമാനം കുറവാണ്. എവിടെയൊക്കെയോ സ്നേഹത്തിൽ കുറച്ച് ചോർച്ച വരുന്നുണ്ട്. രണ്ടു കാര്യങ്ങളുടെ ചോർച്ചയാണ് പരിശ്രമിപ്പിക്കുന്നത് ഒന്ന് പഴയ ലോകത്തിന്റെ ആകർഷണം , ലോകത്തിലെ സംബന്ധം, പദാർത്ഥം എല്ലാം അതിൽ വരുന്നുണ്ട്. രണ്ടാമത്തേതാണ് പഴയ സംസ്ക്കാരത്തിന്റെ ആകർഷണം. ഈ പഴയ സംസ്ക്കാരവും പഴയ ലോകവും അതിലേക്ക് ആകർഷിക്കുമ്പോൾ പരമാത്മ സ്നേഹത്തിൽ ശതമാനം ഉണ്ടാകുന്നു. പരിശോധിച്ച് നോക്കണം ഈ രണ്ടു ചോർച്ചകളിൽ നിന്ന് മുക്തരായോ?ഓർമ്മിച്ച് നോക്കൂ ആത്മാക്കളായ നിങ്ങളുടെ അനാദി ആദി സംസ്ക്കാരം എന്തായിരുന്നു, ഇപ്പോൾ അന്തിമ ബ്രാഹ്മണ ജീവിതത്തിന്റെ സംസ്ക്കാരം എന്താണ്?അനാദിയും ആദിയും പിന്നെ അന്തിമത്തിലും ശ്രേഷ്ഠ സംസ്കാരമാണ്. ഈ പഴയ സംസ്ക്കാരം മധ്യത്തിലേതാണ് , അനാദിയിലേതല്ല, ആദിയിലേതല്ല, അന്തിമത്തിലേതല്ല. എല്ലാവരുടെയും ലക്ഷ്യം എന്താണ്? ഏത് കുട്ടിയോട് ചോദിക്കുമ്പോഴും ഒരു ഉത്തരമാണ് നൽകുന്നത് ലക്ഷ്യം ബാബയ്ക്ക് സമാനമാകുക എന്നാണ്. ഇത് തന്നെയല്ലേ! എങ്കിൽ കൈ ഉയർത്തൂ. ഇതാണല്ലോ ലക്ഷ്യം? ഇടയ്ക്കിടയ്ക്ക് ഇത് മാറുന്നുണ്ടോ?

ബാബ കുട്ടികളോട് ചോദിക്കുകയാണ് ബാബയും ദാദയും രണ്ട് പേരുടെയും സമാന സംസ്ക്കാരം ഏതാണ്? ഓരോ ആത്മാവിനെയും പ്രതി ബാബാ സദാ ഉദാരചിത്തനാണ്. ഓരോ ആത്മാവിനെ പ്രതിയും സ്നേഹത്തിന്റെയും ബഹുമാനത്തിന്റെയും സ്വരൂപത്തിൽ സഹയോഗി ആണ്. അതുപോലെ സ്വയം ഓരോ ആത്മാവിനെപ്രതിയും സഹയോഗി ആയിരിക്കുന്നതിന്റെ അനുഭവം ചെയ്യുന്നുണ്ടോ? സഹയോഗം കൊടുത്താൽ സഹയോഗി ആകും,ഇതിനെയാണ് സമാനരാകുക എന്ന് പറയുന്നത്.ഏതെങ്കിലും കുട്ടിയ്ക്ക് സംസ്ക്കാര പരിവർത്തനം ചെയ്യുന്നതിൽ പ്രയത്നിക്കേണ്ടി വരുന്നെങ്കിൽ അതിന്റെ കാരണം എന്താണ്? ബ്രഹ്മ ബാബ തന്റെ മേൽ അറ്റെൻഷൻ വച്ചതിനാൽ പ്രയത്നിച്ചില്ല. സംസ്ക്കാര പരിവർത്തനത്തിൽ പ്രയത്നത്തിന് കാരണമാണ് ലവ് ലി ആയി, ലവ് ലീനരായില്ല.

ബാപ്ദാദ ഓരോ കുട്ടിയെയും ലവ് ലി കുട്ടിയായി കാണുന്നു, അറിയാം, എല്ലാവരുടെയും ജാതകം അറിയാമെങ്കിലും എന്താണ് പറയുന്നത്? ലവ് ലി ആണ്. ബാപ്ദാദ എല്ലാ കുട്ടികൾക്കും സദാ ഒരേ പഠിത്തവും, പാലനയും, വരദാനവും ആണ് തരുന്നത്. ഇവർ അവസാനത്തെ നമ്പറിൽ ഉള്ളവരാണെന്നു അറിയാമെങ്കിലും ബാപ്ദാദ ഒരു കുട്ടിയുടെയും അവഗുണമോ കുറവുകളോ സങ്കല്പത്തിൽ പോലും വയ്ക്കുന്നില്ല. ഓമനകളാണ്, വളരെ കാലത്തിന് ശേഷം കണ്ട്മുട്ടിയവരാണ്, മധുരമധുരമായവരാണ്... ഈ ദൃഷ്ടിയിലും മനോഭാവത്തിലുമാണ് കാണുന്നത് ഈ വൃത്തിയിലും ശ്രേഷ്ഠ ദൃഷ്ടിയിലും കൂടി ദുർബലരും മഹാ വീരൻമാരാകും എന്നത് ബാപ്ദാദയ്ക്കറിയാം. അതുപോലെ ശ്രേഷ്ഠ വൃത്തിയിലും ദൃഷ്ടിയിലും കൂടി ആരെ വേണമെങ്കിലും പരിവർത്തനപ്പെടുത്താം. നിങ്ങൾ പ്രകൃതിയെപോലും പരിവർത്തനം ചെയ്ത് കാണിക്കും എന്ന് വെല്ലുവിളിച്ചവർ ആണ് അപ്പോൾ ആത്മാക്കളെ പരിവർത്തനമാക്കാൻ കഴിയില്ലേ! പ്രകൃതി ജീത്ത് ആകുമ്പോൾ ആത്മാവിനെ ആത്മാവിന്റെ ശ്രേഷ്ഠ ഭാവനയിലും ശ്രേഷ്ഠ കാമനയിലും കൂടി പരിവർത്തനമാക്കാൻ കഴിയില്ലേ!

ഇപ്പോൾ പുതിയ വർഷം ആരംഭിക്കാറായി അതിനാൽ പുതിയ വർഷത്തിൽ പരിധിയില്ലാത്ത ബ്രാഹ്മണ പരിവാരത്തിൽ പരസ്പരം തന്റെ ശുഭ ഭാവനയും ശ്രേഷ്ഠ കാമനയിലും കൂടി ഓരോരുത്തരും പരസ്പരം പരിവർത്തനമാക്കുന്നതിൽ സഹയോഗി ആകൂ, ദുർബലരാണെങ്കിലും , ഇവരുടെ സംസ്ക്കാരത്തിൽ ഈ കുറവ് ഉണ്ട് എന്നറിയാമെങ്കിലും സ്നേഹത്തിന്റെയും സഹയോഗത്തിന്റെയും ശക്തിയിൽ കൂടി സഹയോഗിയാകണം. പരസ്പരം സഹയോഗത്തിന്റെ കൈകൾ കോർക്കൂ. ഈ സഹയോഗത്തിന്റെ കൈ കോർക്കുമ്പോൾ, സ്നേഹത്തിന്റെ കൈകളിൽ കൈ വയ്ക്കുമ്പോൾ, സഹയോഗത്തിന്റെ ചേരുമ്പോൾ ദൃശ്യം കാണാൻ മാല പോലെയാകും. ശിക്ഷണമല്ല സ്നേഹം നിറഞ്ഞ സഹയോഗം കൊടുക്കണം. മാറിനിൽക്കാതെ, ഒഴിവാക്കാതെ ആശ്രയം ആകൂ,നിങ്ങളുടെ ഓർമ്മചിഹ്നമാണ് വിജയമാല. ഓരോ മുത്തും മുത്തിനോട് ചേർന്ന് സഹയോഗിയായി അപ്പോൾ മലയുടെ ചിത്രം ആയി.

എല്ലാവരും ബാപ്ദാദയോട് ചോദിക്കുന്നു പുതിയ വർഷം എന്ത് ചെയ്യണം? സന്ദേശം കൊടുക്കുന്ന കാര്യം ധാരാളം ചെയ്തു, ചെയ്യുന്നുണ്ട്,ചെയ്ത്കൊണ്ടിരിക്കും. ഇപ്പോൾ സന്ദേശ വാഹകരുടെ സഹയോഗവും രൂപരേഖയും വേദിയിൽ കൊണ്ട് വരണം. മഹാദാനിയാകൂ,തന്റെ ഗുണങ്ങളുടെ സഹായോഗിയാകുകയും ആക്കുകയും ചെയ്യണം. അങ്ങനെ തന്റെ ഗുണങ്ങളുടെ, പരമാത്മാവിന്റെ ഗുണങ്ങൾ ആണെങ്കിലും നിങ്ങൾ അത് സ്വന്തമാക്കിയതാണ്, ആ ഗുണങ്ങളുടെ ശക്തിയിൽ കൂടി കുറവുകൾ അകറ്റൂ. ഇത് ചെയ്യാമോ? ചെയ്യാൻ കഴിയുമോ അതോ പ്രയാസമാണോ? ടീച്ചേർസ് പറയൂ, ചെയ്യാൻ സാധിക്കുമോ? ചെയ്യാൻ കഴിയുമെന്നോ, അതോ ചെയ്യേണ്ടതാണ് എന്നാണോ?ചെയ്യേണ്ടതാണ്. ആരും ദുർബലരായിരിക്കരുത്, കോടിയിൽ കുറച്ച് പേരല്ലേ! അവസാനത്തെ മുത്താണെങ്കിലും കോടിയിലെ ചിലരാണ്. നിങ്ങളുടെ ടൈറ്റിൽ ആണ് മാസ്റ്റർ സർവ്വ ശക്തിവാൻ. സർവ്വശക്തിവാന്റെ കർത്തവ്യം എന്താണ്? ശക്തിയുടെ കൈമാറ്റം ചെയ്യുന്നതാണ്. ബാബയിലൂടെ കിട്ടിയ ഗുണങ്ങൾ പരസ്പരം കൈമാറണം. ഈ സഹയോഗത്തിന്റെ സമ്മാനം പരസ്പരം കൊടുക്കണം. പ്രഭാഷണം ചെയ്യുമ്പോൾ വാക്കിൽ കൂടി സന്ദേശം കൊടുക്കില്ലേ, മംഗളത്തിന്റെ ഭാവന വയ്ക്കുമ്പോൾ അതുപോലെ തന്റെ മംഗളത്തിന്റെ ഭാവനയിലൂടെ, മംഗളത്തിന്റെ വൃത്തിയിലൂടെ, മംഗളത്തിന്റെ വായുമണ്ഡലത്തിലൂടെ ഈ ഗുണങ്ങളുടെ സമ്മാനം കൊടുക്കണം, ശക്തികളുടെ സമ്മാനം കൊടുക്കണം. ദുർബലർക്ക് സഹയോഗം കൊടുക്കണം, ഈ സമയത്ത് സമ്മാനം കൊടുക്കണം,വീണുകിടക്കുന്നവരെ വീണ്ടും താഴ്ത്തരുത്,ഉയർത്തണം,മുകളിലേക്ക് കൊണ്ടുവരണം. ഇവരിങ്ങനെ, ഇവരങ്ങനെ..., പാടില്ല. ഇവർ പ്രഭുസ്നേഹത്തിനു അർഹരാണ്, കോടിയിലെ ചില ആത്മാക്കളാണ്, വിശേഷ ആത്മാവാണ്, വിജയിയാകുന്ന ആത്മാവാണ്,ഈ ദൃഷ്ടി വയ്ക്കണം. ഇപ്പോൾ വൃത്തി, ദൃഷ്ടി, വായുമണ്ഡലം പരിവർത്തനം ചെയ്യൂ. നവീനത എന്തെങ്കിലും, ചെയ്യണമല്ലോ! കുറവുകളെ കണ്ടിട്ടും കാണാതിരിക്കണം, ഉത്സാഹം കൊടുക്കണം,സഹയോഗം കൊടുക്കണം. അങ്ങനെയുള്ള ബ്രാഹ്മണരുടെ സമൂഹം തയ്യാറാക്കൂ എങ്കിൽ ബാപ്ദാദ വിജയത്തിന്റെ കരഘോഷം മുഴക്കും. നിങ്ങളും ഇടയ്ക്കിടയ്ക്ക് കൈയ്യടിക്കാറില്ലേ, ബാപ്ദാദയും ആശംസകളുടെയും അഭിവാദനത്തിന്റെയും കൈയ്യടിക്കും. നിങ്ങളും കൂടെ കൈയ്യടിക്കില്ലെ. ഇപ്പോൾ കൈയ്യടിച്ചത് കൊള്ളാം, വിശ്വത്തിന്റെ മുന്നിൽ കൈയ്യടി മുഴങ്ങണം. എല്ലാവരിൽ നിന്നും ഈ ശബ്ദം ഉയരണം, ഞങ്ങളുടെ ഇഷ്ട ദേവത വന്നു. ഞങ്ങളുടെ പൂജ്യർ വന്നു. ലക്ഷ്യം പക്കയാണല്ലോ! ഉറച്ച ലക്ഷ്യം, ചെയ്തിരിക്കണം? അതോ നോക്കട്ടെ, പ്ലാനുണ്ടാക്കാം! ചെയ്തേ തീരൂ, പ്ലാൻ എന്താണ്, ചെയ്തേ പറ്റൂ.ഇപ്പോൾ എല്ലാവരും കാത്തിരുക്കുകയാണ്, ഇപ്പോൾ അവരുടെ കാത്തിരിപ്പ് അവസാനിപ്പിക്കണം. പ്രത്യക്ഷമാകുന്നതിന്റെ ഒരുക്കങ്ങൾ ചെയ്യൂ. പ്രകൃതിയും ഇപ്പോൾ എത്രകഷ്ടപ്പെടുകയാണ്, പ്രകൃതിയെയും ശാന്തമാക്കൂ. നിങ്ങൾ പ്രത്യക്ഷമാകുമ്പോൾ സ്വതവേ വിശ്വ ശാന്തി വരും. ശരി.

ഇപ്പോൾ വിശ്വത്തിൽ വിശേഷമായും രണ്ടു കാര്യങ്ങളാണ് നടക്കുന്നത് ഒന്നാണ് വ്യായാമം രണ്ടാമത്തേത് ആഹാരത്തിൽ ശ്രദ്ധ. നിങ്ങൾ ഈ രണ്ടു കാര്യങ്ങളും ചെയ്യുന്നുണ്ടോ? നിങ്ങളുടെ വ്യായാമം ഏതാണ്? ശരീരത്തിന്റെ വ്യായാമം എല്ലാവരും ചെയ്യുന്നതാണ്, മനസ്സിന്റെ വ്യായാമമാണ് ഇപ്പോൾ ബ്രാഹ്മണൻ , ബ്രാഹ്മണനിൽ നിന്ന് ഫരിശ്തയാകണം, ഫരിശ്തയിൽ നിന്നും ദേവതയാകണം. മനസ്സിൽ ഈ ഡ്രില്ലിന്റെ അഭ്യാസം സദാ ചെയ്തുകൊണ്ടിരിക്കണം. ശുദ്ധ ആഹാരം മനസ്സിന്റെ ശുദ്ധ സങ്കല്പങ്ങളാണ്. വ്യർത്ഥ വും നെഗറ്റിവുമായ സങ്കൽപ്പങ്ങൾ വന്നാൽ അത് മനസ്സിന്റെ അശുദ്ധ ആഹാരമാണ്. മനസ്സിൽ സദാ ശു ദ്ധ സങ്കല്പങ്ങൾ വരണം, രണ്ടു ചെയ്യാൻ അറിയില്ലേ! ആഗ്രഹിക്കുന്ന അത്രയും സമയം ശുദ്ധ സങ്കല്പ ങ്ങളുടെ സ്വരൂപമാകൂ. ശരി.

നാനാഭാഗത്തുമുള്ള പരമാത്മ സ്നേഹത്തിന്റെ അധികാരികളായ കുട്ടികൾക്ക്, സദാ പരസ്പരം സഹയോഗി കളാകുന്ന ബാബയുടെ സ്നേഹി സഹയോഗി ആത്മാക്കൾക്ക്, സദാ വിജയിയാണ്, വിജയത്തിന്റെ പതാ ക വിശ്വത്തിൽ വ്യാപിക്കണം ഈ ലക്ഷ്യം പ്രയോഗികമാക്കുന്ന വിജയി കുട്ടികൾക്ക്, സദാ ഈ പഴയ ലോകത്തിന്റെയും സംസ്കാരത്തിന്റെയും ആകർഷണത്തിൽ നിന്നും ഉപരിയായിരിക്കുന്ന ബാബയ്ക്ക് സമനാരായ കുട്ടികൾക്ക് ദിലാരാമനായ ബാബയുടെ ഹൃദയത്തിൽ നിന്നുള്ള സ്നേഹസ്മരണകളും നമ സ്തേയും.

**ദാദിജിയോട്:-** വളരെ നല്ല പാർട്ടാണ് അഭിനയിക്കുന്നത്. താങ്കളെ കാണുമ്പോൾ എല്ലാവർക്കും ഫരി ശ്ത ജീവിതം ഓർമ്മവരുന്നു. വേറിട്ടതും പ്രീയപ്പെട്ടതും.

**ഗുജറാത്തിലെ 13 മുഖ്യ സഹോദരിമാരോട്:-** വളരെ നല്ല മഹാവീരന്മാരാണ്. മഹാവീരന്മാരുടെ ജോലി യാണ് വിജയി ആകുകയും ആക്കുകയും ചെയ്യുക. എല്ലാവരും നല്ല സേവനം ചെയ്യുന്നവരാണ്,മുന്നോട്ടും സേവനം നടന്നുകൊണ്ടിരിക്കും.ബാപ്ദാദ കുട്ടികളുടെ ഉന്മേഷവും ഉത്സാഹവും കണ്ട് സന്തോഷിക്കുക യാണ്. ഗുജറാത്തിൽ വ്യാപിപ്പിക്കുകയാണ്, മുന്നോട്ട് എല്ലായിടത്തും വ്യാപിപ്പിക്കും. ബാപ്ദാദയ്ക്ക് എ ല്ലാ കുട്ടികളും ആശകളുടെ ദീപങ്ങളായാണ് തോന്നുന്നത്. നല്ലതാണ്. സമൂഹവും നല്ലതാണ്.ഓരോരുത്ത ർക്കും വിശേഷതകൾ ഉണ്ട്. ശരി. സന്തോഷമായോ, സന്തോഷം പങ്ക് വയ്ക്കുന്നവർ (സരള ദീദി ചോദി ക്കുന്നു, ദാദി മാലയിൽ ആരെയാണ് വച്ചിരിക്കുന്നത്) നിങ്ങൾക്ക് എന്ത് തോന്നുന്നു?ഞങ്ങൾ എന്തായാ ലും ഉണ്ട്, അങ്ങനെ കരുതുന്നില്ലേ? പരസ്പരം കുറച്ച് സഹയോഗം കൊടുക്കണം,കുറച്ച് എന്തെങ്കിലും ഉണ്ടെങ്കിൽ അതും സമാപ്തമാകും. എല്ലാവരും ബാബയ്ക്ക് സമാനം ആകുന്നവരല്ലേ.( എന്ത് നവീനത ചെയ്യും) കേൾപ്പിച്ചതല്ലേ ഓരോ സെന്ററിൽ നിന്നും കുറഞ്ഞത് ഒരു അവകാശി എങ്കിലും തയ്യാറാക്കണം .ഈ വർഷം അവരെ കൊണ്ട് വരണം, 21 അവകാശികളെ കൊണ്ട് വരണം. അത് ആരംഭിക്കൂ. ഒന്നാമത് എത്തൂ.എല്ലാവരും സമ്മതിക്കുന്നുണ്ട്. അവകാശിയുടെ യോഗ്യത അറിയുമല്ലോ. ഇതെല്ലാം ബാബയുടേത് ആക്കില്ലേ, തന്റേത് ആക്കില്ലല്ലോ. ശരി. ഓം ശാന്തി.

ഗുജറാത്തിന്റെ സേവനാണ്, ഗുജറാത്തുകാരാണ് മിലനത്തിനും വന്നിരിക്കുന്നത്, വന്നിട്ടുള്ള ഗുജറാത്തു കാർ എല്ലാവരും, സേവനത്തിനു വന്നവരും കൈയ്യ് ഉയർത്തൂ . ധാരാളം പേർ ഉണ്ട്, വളരെ നല്ലത്. നല്ല ചാൻസ് നേടി.ഗുജറാത്തിനെ ബാപ്ദാദ പറയുന്നത് സിന്ധി ഭാഷയിൽ ഒരു ചൊല്ലുണ്ട് ആരാണോ അടു ത്തുള്ളത് അവരാണ് ഹൃദയത്തിലും. ഏറ്റവും അടുത്തുള്ളത് ഗുജറാത്ത് ആണ്.സമീപത്തുള്ളവരെ പറ യുന്നതാണ് ഏറ്റവും അടുത്ത് വിളിക്കുന്നതും വന്നു കഴിയും. ഗുജറാത്തുകാർ എവർറെഡി അല്ലെ എപ്പോൾ വേണമെങ്കിലും വരൂ എന്ന് വിളിച്ചാൽ വരില്ലേ?അങ്ങനെയല്ലേ? കുടുംബം എന്ത് ചെയ്യുമെന്ന് നോക്കാതെ വന്നു ചേരും? എവർ റെഡിയാണ്. ശരിയാണ്. ഗുജറാത്ത് സാകാര ബ്രഹ്മാവിന്റെ പ്രേരണ യിലൂടെയാണ് സ്ഥാപിതമായത്. ഗുജറാത്ത് അല്ല ഗുജറാത്തിനെ ക്ഷണിച്ചത്, ബ്രഹ്മാബാബയാണ് ഗുജറാ ത്ത് തുറന്നത്. ഗുജറാത്തിന് മേൽ ബ്രഹ്മാബാബയുടെ വിശേഷ ദൃഷ്ടി ഉണ്ട്. ഗുജറാത്ത് പുരുഷാർത്ഥം ചെയ്ത് നല്ല സെന്ററുകൾ തുറന്നു.എത്ര സെന്ററുകൾ ആണ്? (300 സേവാകേന്ദ്രങ്ങൾ , ഉപ സേവാകേന്ദ്ര ങ്ങൾ, മൂവായിരം ഗീതാപാഠശാലകളും ഉണ്ട്) ശരി ഏറ്റവും കൂടുതൽ സെന്റർ ഏത് സോണിൽ ആണു ള്ളത്? (ബോംബെ മഹാരാഷ്ട്ര ) ശരി മഹാരാഷ്ട്രയിലുള്ളവർ വന്നിട്ടുണ്ടോ ? (ഇന്ന് വന്നില്ല) ഗുജറാ ത്ത്കാർ നല്ല സേവനമാണ് ചെയ്യുന്നത്, ഗുജറാത്തിന്റെ വളർച്ചയും നല്ലതാണ്. ഇനി എന്ത് ചെയ്യണം. വ ളർച്ച ഉണ്ട്, വളരെ നല്ലതായി വളർന്നിട്ടുണ്ട് ,ഇപ്പോൾ ഗുജറാത്തുകാർ നമ്പർ വൺ അവകാശികളെ തയ്യാ റാക്കണം. ഇപ്പോൾ എന്ത് ചെയ്യണം? പഴയ വലിയ സേവാകേന്ദ്രങ്ങളും പഴയ അവകാശികളും ഉണ്ട് , ഇപ്പോൾ പുതിയ അവകാശികളെ തയ്യാറാക്കൂ. ഓരോരുത്തരെ തയ്യാറാക്കൂ.ആരാണോ അവകാശി ക്വാളി റ്റി ഉള്ളവരാണ് മാലയിലെ മുത്തുകൾ ആകുന്നത്. മാല തയ്യാറാക്കണമല്ലോ! 16108 ന്റെ മാല തയ്യാറാണ്.

ഇപ്പോൾ ബാപ് ദാദ 108 ന്റെ മാല തയ്യാറാക്കാൻ പറഞ്ഞാൽ, ഉണ്ടാക്കുമോ? മാല തയ്യാറാകുമോ? ദാദി മാർ പറയുമോ, 108 ന്റെ മാല തയ്യാറാകുമോ? (ദാദിജി പറഞ്ഞു തയ്യാറാകും.) തയ്യാറാണോ?108 ന്റെ മാല തയ്യാറായി കഴിഞ്ഞോ? (അതെ ബാബ തയ്യാറാണ്) ശരി എഴുതി കാണിക്കണം. തയ്യാറാണെങ്കിൽ വളരെ നല്ലതാണ്, ആശംസകൾ. ശരി പതിനാറായിരത്തിന്റെ മാല, പകുതി തയ്യാറാണോ? (പകുതിയേക്കാൾ കൂടുതൽ തയ്യാറായി) നല്ലതാണ്. നോക്കൂ ഗുപ്തമായി തയ്യാറായി , നിങ്ങളുടെ ദാദി അത് കാണുകയും ചെയ്തു. നല്ലതാണ്. ഇനി എല്ലാവരും നിങ്ങളോട് ചോദിക്കും മാലയിൽ ഞങ്ങളുടെ പേര് ഉണ്ടോ?ശരിയാണ്. അങ്ങനെയുള്ള ശുഭ ഭാവനയും ശുഭ പ്രതീക്ഷകളും തയ്യാറാക്കി മാറ്റും. ഇപ്പോൾ എല്ലാവരും കേട്ടില്ലേ, സ്വയം പരിശോധിക്കണം ഞാൻ ആ മാലയിൽ എവർ റെഡിയാണോ? ശരി. ഇനി എന്ത് വേണം?

**ക്യാട് ഗ്രൂപ്പ് (ഹൃദ്രോഗികളുടെ ) വന്നിട്ടുണ്ട് :-** കൊള്ളാം, ശബ്ദം വ്യാപിപ്പിക്കാൻ ഇത് നല്ല മാർഗ്ഗമാണ്, പ്രത്യക്ഷ തെളിവാണ് കാണിക്കുന്നത്. ചിലവ് ഇല്ലാതെ മെഡിറ്റേഷനിലൂടെ നേരെയാകും,എല്ലാവർക്കും ഇഷ്ടപ്പെടും.പതുക്കെ ഇതിനെ വർധിപ്പിക്കണം. ചെയ്യുന്നുണ്ടെന്ന് അറിഞ്ഞു, സഫലതയും കിട്ടുന്നുണ്ട്,ഇനിയും കിട്ടികൊണ്ടിരിക്കും. ഈ കാര്യത്തിന് നിമിത്തമായവർക്ക് ബാപ്ദാദ ആശംസകൾ തരുന്നു. സർക്കാരിലേക്കും ഔദ്യോഗികമായി ഫലം എത്തുന്നുണ്ട് ഇനിയും വ്യാപിപ്പിക്കുകയാണെങ്കിൽ മെഡിറ്റേഷന്റെ മഹത്വം വർധിക്കും. ബാപ് ദാദയ്ക്ക് ഈ വിധി ഇഷ്ടമാണ്. ശരി.

## വരദാനം:- മനസ്സിന്റെ മൗനത്തിലൂടെ സേവനത്തിന്റെ പുതിയ കണ്ടുപിടുത്തങ്ങൾ കണ്ടെത്തുന്ന സിദ്ധി സ്വരൂപരായി ഭവിക്കട്ടെ.

ഏതുപോലെയാണോ ആദ്യം മൗന വ്രതം വച്ചപ്പോൾ എല്ലാവരും ഫ്രീ ആയത് , സമയം ബാക്കി വന്നു അതുപോലെ ഇപ്പോൾ മനസ്സിന്റെ മൗനം വയ്ക്കൂ അതിലൂടെ വ്യർത്ഥ സങ്കൽപ്പങ്ങൾ വരാതെയാകും. വായിൽ നിന്ന് ശബ്ദം വരാതിരുന്ന പോലെ വ്യർത്ഥ സങ്കല്പങ്ങൾ വരാതിരിക്കുന്നതാണ് മനസ്സിന്റെ മൗനം. എങ്കിൽ സമയം ബാക്കി കാണും. ഈ മനസ്സിന്റെ മൗനത്തിലൂടെ സേവനത്തിന്റെ പുതിയ കണ്ടുപിടുത്തങ്ങൾ ഉണ്ടാകും അതിൽ കുറഞ്ഞ സാധനയിൽ കൂടുതൽ സിദ്ധി ഉണ്ടാകും. സയൻസിന്റെ സാധനങ്ങൾ സെക്കന്റിൽ വിധി പ്രാപ്തമാക്കുന്നു, അതുപോലെ ഈ സൈലെൻസിന്റെ സാധനത്തിലൂടെ സെക്കന്റിൽ സിദ്ധി പ്രാപ്തമാകും.

## സ്ലോഗൻ:- ആരാണോ സ്വയം സമർപ്പിത സ്ഥിതിയിൽ ഇരിക്കുന്നത് അവർക്ക് മുന്നിൽ സർവ്വരുടേയും സഹയോഗം സമർപ്പിതമാകും.

**അവ്യക്ത സൂചന:- ആത്മീയ സ്ഥിതിയിലിരിക്കുന്നതിന്റെ അഭ്യാസം ചെയ്യൂ, അന്തർമുഖിയാകൂ.**
അനേക പ്രകാരത്തിലെ വ്യക്തി, വൈഭവം,അഥവാ അനേക പ്രകാരത്തിലെ വസ്തുകകളുടെ സമ്പർക്കത്തിൽ വരുമ്പോൾ ആത്മീയ ഭാവവും അനാസക്ത ഭാവവും ധാരണ ചെയ്യൂ. ഈ വൈഭവങ്ങളും വസ്തുക്കളും അനാസക്തരുടെ മുന്നിൽ ദാസിയാകും അനാസക്ത ഭാവമുള്ളവർക്ക് മുന്നിൽ കാന്തം പോലെ കുടുക്കുന്നവരാകും.